ISSN: 2249-7862 (Print): 2455-877X (Online)
www.aureoleonline.in

# മനുഷ്യന് ഒരു ആമുഖം എന്ന നോവലിലെ ദാർശനികവിചാരങ്ങൾ

**ടി. എം. മാത്യു**

അസ്സോസിയേറ്റ് പ്രൊഫസർ

ഗവൺമെന്റ് കോളേജ് കോട്ടയം

**പ്രബന്ധ സംഗ്രഹം**

എഴുത്തുകാരന്റെ ജീവിതാവബോധം എന്ന നിലയിൽ തത്വചിന്തയും ദാർശനികവിചിന്തനങ്ങളും സാഹിത്യരചനകളിൽ കടന്നു വരിക സ്വാഭാവികമാണ്. നവോത്ഥാന കാലയളവു വരെ ഭാരതീയ പ്രപഞ്ച വീക്ഷണമാണ് എഴുത്തുകാരെ നിയന്ത്രിച്ചിരുന്ന ലോകബോധം. ആധുനികതയോടുകൂടി ദർശനങ്ങൾ തകർന്നു പോയ ലോകത്തെ ആവിഷ്ക്കരിക്കാനാണ് എഴുത്തുകാർ ശ്രമിച്ചത്. ഉത്തരാധുനിക നോവാലായ മനുഷ്യന് ഒരു ആമുഖം എന്ന നോവലിൽ സത്യാനന്തര കാലത്തിന്റെ സംത്രാസങ്ങൾ ഏറെയുണ്ടെങ്കിലും ഭാരതീയ ദാർശനിക ചിന്താഗതികളും സെൻബുദ്ധിസ്റ്റ് ആശയങ്ങളും ശക്തമായി പ്രതിപാദിക്കപ്പെടുന്നു. നൂറു വർഷത്തെ കേരളീയ സമൂഹത്തെ ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിങ്ങനെ നാലായി വിഭജിച്ച് സാമൂഹിക പരിണാമത്തെ വ്യക്തമാക്കാൻ ശ്രമിച്ചിരിക്കുന്നതിൽ പുതിയ പുരുഷാർത്ഥ വ്യാഖ്യാനത്തിനാണ് നോവലിസ്റ്റ് ശ്രമിച്ചിരിക്കുന്നത്. നൂറു വർഷത്തെ സാമൂഹിക പരിണാമം വിഷയമാക്കുന്നുവെങ്കിലും മനുഷ്യൻ എന്താണെന്ന് ദാർശനികവും താത്ത്വികമായ ഒരന്വേഷണം കൂടി നോവലിസ്റ്റ് നിർവഹിക്കുന്നു. സാമൂഹിക ചരിത്ര നോവലുകളിൽ നിന്നും മനുഷ്യന് ഒരു ആമുഖത്തെ വ്യത്യസ്തമാക്കുന്നത് ഈ സവിശേഷ ദാർശനിക അഭിവീക്ഷണമാണെന്ന് ഉദാഹരണങ്ങൾ നിരത്തി ഈ പഠനത്തിലൂടെ സമർത്ഥിക്കുന്നു.

***താക്കോൽ വാക്കുകൾ:*** **നവോത്ഥാനം -ധർമ്മം-അർത്ഥം-കാമം-മോക്ഷം- സെൻബുദ്ധിസം-നവോത്ഥാന മൂല്യസംഘർഷം**

തത്ത്വശാസ്ത്രവും സാഹിത്യവും വ്യത്യസ്തമായ രണ്ടു വ്യവഹാരമണ്ഡല ങ്ങളാണെങ്കിലും സാഹിത്യത്തിൽ തത്ത്വചിന്ത വലിയ പ്രാധാന്യത്തോടെ പലപ്പോഴും കടന്നുവരുന്നു. മറ്റാരും സഞ്ചരിക്കാത്ത ലോകത്തിലൂടെ ജീവിതത്തെ സമീപിക്കുന്ന എഴുത്തുകാരൻ ജീവിതത്തെ സംബന്ധിച്ച പുതിയ ഫിലോസഫിയുടെ സ്രഷ്ടാവായി ത്തീരുകയാണ്. മനുഷ്യ സ്വഭാവവും പ്രപഞ്ചസ്വഭാവവും കാലഘട്ടത്തിന്റെ പ്രശ്നങ്ങളും എഴുത്തുകാരന്റെ തത്ത്വചിന്തയെ രൂപപ്പെടുത്തും. ഏതുമഹത്തായ കലാസൃഷ്ടിയിലും എഴുത്തുകാരന്റെ ജീവിതാവബോധം ശക്തമായി പ്രതിഫലിക്കും. സാഹിത്യത്തിന്റെ മൂല്യം അത് പകരുന്ന ജീവിതാവബോധത്തിനേക്കൂടി ആശ്രയിച്ചിരിക്കും. കാലാകാലങ്ങളായി വായനക്കാരനെ പ്രചോദിപ്പിച്ചുകൊണ്ടു നിൽക്കുന്ന ക്ളാസ്സിക്കുകളുടെ

രഹസ്യവും മറ്റൊന്നല്ല. മലയാളത്തിലെ പല എഴുത്തുകാരും നവോത്ഥാനത്തിനുമുമ്പ് ഭാരതീയദാർശനിക പൈതൃകത്തെ പിൻപറ്റുന്ന വരായിരുന്നു. കുമാരനാശാനിലും ഉള്ളൂരിലും നാലപ്പാടനിലുമൊക്കെ ഭാരതീയദാർശനികചിന്തയുടെ ശക്തമായ സ്വാധീനമുണ്ടായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടോടുകൂടി തത്വചിന്താലോകത്ത് വലിയ പൊളിച്ചെഴുതലുകൾ സംഭവിച്ചു. അതിഭൗതികകേന്ദ്രത്തെ മുൻനിർത്തിയുള്ള തത്വചിന്തയുടെ നിരാകരണം സംഭവിച്ചു. അതോടെ മനുഷ്യനും ഭൗതികലോകത്തിനും പ്രാധാന്യമുള്ള തത്വചിന്ത രൂപപ്പെട്ടു. തത്വചിന്തയുടെ ഈ വികേന്ദ്രീകരണത്തിന്റെ ഫലം വളരെ വൈകിയെങ്കിലും സാഹിത്യത്തിൽ പ്രതിഫലിച്ചു. നവോത്ഥാനാനന്തരം നവമാനവികതയിലും ആധുനികതയുടെ കാലയളവിൽ താത്ത്വിക ശൂന്യതയിലുമുള്ള (Nihilism) ജീവിതാവിഷ്ക്കരണം പ്രകടമായിരുന്നു .കനത്ത ജീവിതത്ത്വചിന്തകൾ ക്കൊന്നും വലിയപ്രാധാന്യമില്ലാത്ത കാലമായതു കൊണ്ടാണ് സത്യാനന്തരലോകം എന്ന് ഇന്ന് പൊതുവേ വ്യവഹരിക്കപ്പെടുന്നത്. ഇന്നത്തെ എഴുത്തുകാരന്റെ ജീവിതാവബോധം പലപ്പോഴും ജീവിതനിരീക്ഷണ ങ്ങളായി അവതരിപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. സമകാലിക മലയാളനോവലിൽ ആഴമേറിയ ജീവിതാ വബോധം പ്രകടമാക്കിയ എഴുത്തുകാരനാണ് സുഭാഷ് ചന്ദ്രൻ. അദ്ദേഹത്തിന്റെ മനുഷ്യനൊരാമുഖം എന്ന നോവലിൽ തത്ത്വചിന്തയോട് ചേർന്നു നില്ക്കുന്ന ജീവിതനിരീക്ഷണങ്ങൾ സുലഭമാണ്. ഭാവപൂർണ്ണ മായവതരിപ്പിക്ക പ്പെട്ടിരിക്കുന്ന ജീവിത നിരീക്ഷണങ്ങൾ വായനക്കാരനെ ചിന്തിപ്പിക്കുന്നതും സ്വയം പരിശോധനക്ക് പ്രേരിപ്പിക്കുന്നതും കാവ്യാത്മകവുമാണ്.

മനുഷ്യൻ ആരെന്നും ജീവിതം എന്തെന്നുമുള്ള ചോദ്യമുയ രുമ്പോഴാണ് ഒരു കൃതി ദാർശനികമായിത്തീരുന്നത്. ഓരോ എഴുത്തുകാരനും തന്റെ സ്വകാര്യപ്രതിഭയിൽ ഈ ചോദ്യം സംവഹിക്കുന്നുണ്ട്. മനുഷ്യന് ഒരു ആമുഖം എന്ന നോവലിന്റെ പലഭാഗത്തും മനുഷ്യന്റെ കാലപരാധീനതയേക്കുറിച്ചും ജിവിതത്തിന്റെ അർത്ഥത്തേക്കുറിച്ചും നോവലിസ്റ്റ് ചിന്തിക്കുന്നുണ്ട്. ജീവിതകാലാ പരാധീനതയിൽ 'ആയുഷ്സ്ഥിരതയുമില്ല / തിനിന്ദ്യമീനരത്വ' മെന്ന് ദാർശനികകവിയായ കുമാരനാശാനും എഴുതിയിരുന്നല്ലോ.
1. 'പൂർണ്ണവളർച്ചയെത്തും മുമ്പ് മരിച്ചുപോകുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ' എന്ന നിരീക്ഷണത്തോടെയാണ് നോവൽ ആരംഭിക്കുന്നത്.
2. മനുഷ്യന്റെ പൂർണ്ണവളർച്ച എന്നതുകൊണ്ട് നോവലിസ്റ്റ് എന്താണ് അർത്ഥമാക്കുന്നത്? ഏതൊരു മനുഷ്യനും ആഗ്രഹിക്കുന്നിടത്തോളം വളരാൻ സാധിക്കുന്നില്ല. അൻപത്തിനാലുവർഷം ഭൂമിയിൽ ജീവിച്ചു കടന്നുപോകുന്ന ജിതേന്ദ്രന് ഇരുപത്തെട്ടുവയസ്സിൽതന്റെ വളർച്ചാ സാധ്യത അവസാനിച്ചതായി തിരിച്ചറിയാനായി. അവശേഷിച്ചകാലം' അടുത്ത തലമുറയിലേക്കുള്ള നിസ്സഹായമായ ഒരു വിടർച്ച്'

മാത്രമാണെന്ന് അയാൾ തിരിച്ചറിയുന്നുണ്ട്. ജീവിതകാലം മുഴുവൻ ഭൂമിയിൽ ആത്മവികാസത്തോടെ ജീവിക്കാൻ കഴിയുന്നുണ്ടോ എന്നത് ദാർശനികമായ ചോദ്യമായിത്തീരുകയാണ്. 'ജനനത്തിനും നൂറ്റാണ്ടുകൾക്കുമുമ്പേ ജനിച്ചുകഴിഞ്ഞിരുന്ന ആ മനുഷ്യൻ വാസ്തവത്തിൽ അയാളുടെ മരണത്തിനും എത്രയോ മുമ്പേ മരിച്ചും കഴിഞ്ഞിരുന്നു''.
3. ജീവനെ സംബന്ധിച്ച ഭാരതീയ വീക്ഷണമാണ് എഴുത്തുകാരനെ നയിക്കുന്നത്. ജനനമരണങ്ങളുടെ നിത്യമായ പ്രയാണത്തിൽ ജീവിതം തുടരുന്നു. സാമൂഹ്യപരിണാമത്തിന്റെ വീക്ഷണത്തിലൂടെ നോവൽ ആഖ്യാനം ചെയ്യുമ്പോഴും മനുഷ്യൻ എന്താണെന്ന ദാർശനികവും താത്ത്വികവുമായ അന്വേഷണം നോവലിലുടനീളം അടിയൊഴുക്കായി വർത്തിക്കുന്നതു കാണാം. ഭൗതിക ജീവിതപരിണാമങ്ങളെ ആഖ്യാനം ചെയ്ത മലയാളത്തിലെ പ്രസിദ്ധമായ സാമൂഹ്യനോവലുകളിൽനിന്ന് മനുഷ്യന് ഒരു ആമുഖം വ്യത്യസ്തമാകുന്നത് ഇത്തരത്തിലുള്ള വീക്ഷണവ്യത്യാസം കൊണ്ടു കൂടിയാണ്.

കേരളനവോത്ഥാനത്തിന്റെ പശ്ചാത്തലത്തിലാണ് നോവൽ ആരംഭിക്കുന്നത്. സമ്പൂർണ്ണമനുഷ്യനെ സ്വപ്നംകണ്ട നവോത്ഥാനകേരളം എവിടെ എത്തിച്ചേർന്നു എന്ന അന്വേഷണമാണ് നോവൽ നിർവ്വഹിക്കുന്നത്. സമൂഹത്തിന്റെ പരിണാമത്തോടൊപ്പം മനുഷ്യനിലും സാമുദായിക ജീവിതത്തിലും വലിയമാറ്റങ്ങൾ സംഭവിക്കുന്നു. കേന്ദ്രകഥാപാത്രമായ നാറാപിള്ളയിൽ നവോത്ഥാനം കാര്യമായ ചലനങ്ങളൊന്നും ഉണ്ടാക്കിയില്ല. എന്നാൽ അനന്തരതലമുറയിൽ സ്വാതന്ത്ര്യത്തിന്റെ വെളിച്ചമെത്തുന്നുണ്ട്. കേരളത്തിന്റെ നവോത്ഥാന സാമൂഹ്യചരിത്രത്തെ പുതിയ പരുഷാർത്ഥങ്ങളായി നോവലിസ്റ്റ് ഭാവന ചെയ്യുന്നു. ധർമ്മാർത്ഥകാമമോക്ഷങ്ങൾ വ്യക്തിക്കെന്നപോലെ സമുദായത്തിനും കല്പിക്കുകയാണ് നോവലിസ്റ്റ്. പഴയ പുരുഷാർത്ഥ ങ്ങൾക്ക് പുതിയ വ്യാഖ്യാനമൊരുക്കുക വഴിപാരമ്പര്യത്തിന്റെ താത്വിക ആശയലോകവുമായി കണ്ണിചേർക്കപ്പെടുകയാണ്. പരിവർത്തനത്തിന്റെ ഈ വലിയ കാലയളവിൽ കടന്നു വരുന്ന കഥാപാത്രങ്ങൾ നിരവധിയാണ്. നോവലിസ്റ്റിന്റെ ഭാഷയിൽ പറഞ്ഞാൽ മൺപോരാളി കളാണവർ. ഈ വിശേഷണത്തിൽപോലും എഴുത്തുകാരന്റെ ദാർശനിക വീക്ഷണമുണ്ട്. ഒരാൾക്കും ഈ യാത്രയിൽ സ്ഥായിത്വമില്ല. ഏതു വീരനും മണ്ണിലേക്ക് വീണ് അഴിഞ്ഞു പോകുന്നു.കാലത്തിൽ അതിദയനീയമായി എല്ലാവരും വീണുപോകുന്നു. ചരിത്രത്തെ ഒരേസമയം സംഭവങ്ങൾ നിരത്തിവസ്തുനിഷ്ഠമായും അതേപോലെ സ്വതന്ത്രഭാവനയിലൂടെ ദാർശനികമായുമാണ് നോവലിസ്റ്റ് പരിശോധിക്കുന്നത്. ചരിത്രത്തിന്റെ ഗതികോർജ്ജ പ്രവാഹത്തിനു പിന്നിലെ സങ്കീർണ്ണപ്രേരണകൾ കണ്ടെത്താൻ ശ്രമിക്കുന്നു. ധർമ്മം എന്ന ഭാഗത്ത് ശ്രീനാരായണഗുരുവും അർത്ഥം എന്നഭാഗത്ത് കാറൽ മാർക്സും കാമം എന്ന ഭാഗത്ത് ഫ്രോയിഡും മോക്ഷം എന്ന ഭാഗത്ത് കഥാപാത്രമായ ജിതേന്ദ്രനും (നോവലിസ്ററിന്റെ

പ്രതിരൂപമായ കഥാപാത്രം) നോവലിന്റെ ആന്തരികഘടനയിൽ നിലനില്ക്കുന്നു. നോവലിന്റെ ആദ്യഭാഗമായ ധർമ്മത്തിനു മുൻപിൽ ദാർശനികനായ ശ്രീനാരായണഗുരുവിന്റെ ആത്മോപദേശതകത്തിലെ

'അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നുസുഖത്തിന്നായ് വരേണം'

എന്ന വരികൾആമുഖമായിക്കൊടുക്കുന്നു. കഴിഞ്ഞനൂറ്റാണ്ടിനെ പ്രകാശ പൂരിതമാക്കിയ ശ്രീനാരായണഗുരുവിന്റെ ആശയങ്ങളുടെ സ്വാധീനം മനുഷ്യന് ഒരു ആമുഖത്തിലുണ്ട്. ദാർശനികമായ മറ്റു സ്വാധീനങ്ങളും നോവലിൽ പല ഭാഗങ്ങളിലും കടന്നുവരുന്നുണ്ട്. ഭഗവത്ഗീതയെ എഴുത്തുകാരൻ നിരൂപണം ചെയ്യുന്നുണ്ട്. 'ദൈവദത്തമാണെന്ന ഒറ്റക്കാരണത്താൽ തന്നെ എല്ലാ വിശുദ്ധപുസ്തകങ്ങളും മനുഷ്യവിരുദ്ധമായ പ്രസ്താവനകളാലും പ്രവർത്തികളാലും നിറഞ്ഞിരുന്നു. ദൈവത്തിന്റെ സന്തതിയാണ് മനുഷ്യൻ എന്ന പരികല്പന അങ്ങനെ സഹസ്രാബ്ദങ്ങളോളം നിറഞ്ഞുനിന്നു.''4. (പേജ് 341) സംസ്കാരത്തിന്റെ ആധാരശിലകളായി നാം കരുതുന്ന കൃതികളിൽപോലും അടങ്ങിയിരിക്കുന്ന തെറ്റായധാരണകളെ എഴുത്തുകാരൻ വിമർശനാത്മ കമായി പരിശോധിക്കുന്നു. സെൻബുദ്ധിസ്റ്റ് ആശയങ്ങൾ ജിതേന്ദ്രന്റെ കത്തുകളിൽ കടന്നുവരുന്നുണ്ട്.

'കൂട്ടിലടക്കപ്പെട്ട പുലി അഴികൾക്കുള്ളിൽ അക്ഷമനായി വട്ടം ചുറ്റുന്നതു കണ്ട് പുറത്ത് പാറിപറക്കുന്ന കിളി ചോദിച്ചു. 'നീ എന്താണ് ചെയ്യുന്നത്'. ഞാൻ എഴുതുകയാണ്. പുലിപറഞ്ഞു.എഴുതുകയോ? എന്ത്?. വട്ടംചുററലിന്റെ വ്യംഗ്യം തിരിയാതെ കിളി ചോദിച്ചു. പൂജ്യം. പുലി പറഞ്ഞു.എന്തുകൊണ്ടാണ് നീ പൂജ്യം മാത്രമെഴുതുന്നത്.കിളി കൗതുകം കൂറി. നിനക്കിപ്പോൾ മനസ്സിലാവില്ല. പുലി ഉഴറ്റോടെ പറഞ്ഞു.സ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ എല്ലാം പൂജ്യം മാത്രമാണ്.' 5. (പേജ് 314) ജീവിതത്തെ അർത്ഥശൂന്യമാക്കുന്ന അവസ്ഥകളേക്കുറിച്ചുള്ള അവബോധം നോവലിലുടെനീളമുണ്ട്. പഠനത്തിനും ജോലിതേടലിനും വിവാഹത്തിനും വീടുകെട്ടലിനുമപ്പുറത്ത് മറ്റൊന്നും ചെയ്യാനില്ലാതെ ഒരു പുരുഷായുസ്സിൽ കുടുങ്ങിപ്പോകുന്ന ജീവിതത്തിന്റെ വ്യർത്ഥതയും ശൂന്യതയും നോവലിസ്റ്റ് തിരിച്ചറിയുന്നു. സൃഷ്ട്യുന്മുഖതയിൽ നിന്നും വലിയ ജഡതയിലേക്ക് വീണുപോകുന്നു. നിനക്കു തന്ന വിലപ്പെട്ട ജീവിതം നീ എങ്ങനെ വിനിയോഗിച്ചു എന്ന് ദൈവം ചോദിക്കുന്ന നിമിഷത്തെ നോവലിസ്റ്റ് അഭിമുഖീകരിക്കുന്നുണ്ട്.

'ഭൂമിയിൽ ധൂർത്തടിച്ച ലക്ഷക്കണക്കിന് മണിക്കൂറുകൾക്കിടയിൽ സ്വന്തം ശരീരത്തിന്റേയും മനസ്സിന്റേയും സുഖങ്ങൾക്കായല്ലാതെ

വരുംതലമുറക്കായി നീ കൊളുത്തിവച്ച ഏതെങ്കിലുമൊരു വെളിച്ചത്തിനുള്ള ഒരു തെളിവ്. ഞാൻ മുഖം കുനിച്ചു നില്ക്കും. ജീവിച്ചിരിക്കുമ്പോൾ അനുഭവിച്ചതിന്റെ പതനാറിരട്ടിയെങ്കിലും അപകർഷബോധം അപ്പോഴെന്നെ വിഴുങ്ങാൻ തുടങ്ങും. ഭൂമിയിൽ എന്റെ ഹൃദയം ഒരു പൂർണ്ണചന്ദ്രനേപ്പോലെ ത്രസിച്ചുനിന്ന ചുരുക്കംചില നിമിഷങ്ങളിലൂടെ ഒരിക്കൽകൂടി കടന്നുപോകാൻ അപ്പോഴെനിക്കു ശക്തിയുണ്ടാവുകയില്ല. ഞാൻ തിന്നു ,കുടിച്ചു,ഭോഗിച്ചു,ജീവിച്ചു,മരിച്ചു. മുടിയിലെ പേനിനേയും കാട്ടിലെ സിംഹത്തേയും പോലെ. അവക്കിടയിലെ ആയിരം മൃഗജാതിയേപ്പോലെ. പക്ഷേ മനുഷ്യനെന്ന നിലയിൽ മരണത്തെ അതിജീവിക്കാൻ ഞാൻ എന്തു ചെയ്തു? ഇല്ല എനിക്ക് ഉത്തരമുണ്ടാവുകയില്ല. എന്റെ ഭാണ്ഡം ശൂന്യമായിരിക്കും; എന്റെ ഹൃദയവും. 'ഒന്നുമില്ല പ്രഭോ.ഞാൻ പറയും.പിന്നെ ചോദ്യവുമായി പ്രത്യക്ഷത്തിൽ ബന്ധമില്ലാത്ത ഈ വാചകവും കൂട്ടിച്ചേർക്കും. ഒഴിഞ്ഞ ഹൃദയത്തേക്കാൾ ഭാരമേറിയതായി ഭൂമിയിലും നരകത്തിലും ഒന്നുമില്ല.'6. (പേജ്.357) ഭൗതികംകൊണ്ടു മാത്രമുള്ള സംതൃപ്തി മനുഷ്യസത്തയേ സംബന്ധിച്ചിടത്തോളം വലിയ കുറവാണ്. നവോത്ഥാനാനന്തര പരിണാമങ്ങളിലൂടെ മനുഷ്യനെത്തിച്ചേർന്ന ത്തികച്ചും ഭൗതികമായ കാഴ്ചപ്പാടുകളിലാണ്. ഭാരതീയമായ പ്രപഞ്ചബോധവും ജീവിതദർശനവും മനുഷ്യന് കൈമോശം വന്നു.ഈ ലോകം മാത്രവും ഈ നിമിഷം മാത്രവുമുള്ള ജീവിതവീക്ഷണമാണ് ഇവിടെ വളർന്നു വന്നത്. കേരളീയസമൂഹത്തിൽ അപകടകരമായി വളർന്നുവന്നിട്ടുള്ള ആത്മീയതയുടെ നഷ്ടമാണ് നോവലിസ്റ്റ് ഇവിടെ വ്യക്തമാക്കുന്നത്. മതങ്ങൾക്കോ ആചാര്യന്മാർക്കോ ജനങ്ങളോടു പറയാനാവാതെ പോകുന്ന ആത്മീയതയേക്കുറിച്ച് ചിന്തിപ്പിക്കുന്നുണ്ട് എഴുത്തുകാരന്റെ ഈ വാക്കുകൾ. നോവലിലെ വിവരണങ്ങളിൽ പല ഭാഗങ്ങളിലും ദാർശനികസൂചകങ്ങളായ പദങ്ങൾ കടന്നുവരുന്നുണ്ട്.

ജിതേന്ദ്രന്റെ കുറിപ്പുകൾ ആമുഖമായി കൊടുത്തുകൊണ്ടാണ് നോവൽ വിവരിക്കുന്നത്. തിളച്ചുരുകി മറിയുന്ന കാലത്തിന്റെ അഗ്നിയിൽ കടഞ്ഞെടുത്തതാണ് ജിതേന്ദ്രന്റെ വാക്കുകൾ. അതിശക്തമായ സാമൂഹ്യനിരീക്ഷണങ്ങളും ജീവിതനിരീക്ഷണങ്ങളും ജിതേന്ദ്രനിലൂടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. ജിതേന്ദ്രന്റെ കത്തുകളിലെ ആശയങ്ങൾ അതിതീവ്രമാണ്. നവോത്ഥാനത്തെ അട്ടിമറിച്ച കേരളീയപരിസരത്തെ അതിശക്തമായി നോവലിസ്റ്റ് അപഗ്രഥിക്കുന്നു. നവോത്ഥാനകേരളത്തിന്റെ ജീർണ്ണത പില്ക്കാലത്ത് നിരവധി കഥാകൃത്തുക്കൾ വിഷയമാക്കിയിട്ടുണ്ട്. സന്തോഷ് ഏച്ചിക്കാനത്തിന്റെ പന്തിഭോജനം, എസ് ഹരീഷിന്റെ മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ, ചട്ടമ്പിനാട്, തുടങ്ങിയ കഥകൾ ഉദാഹരണങ്ങളാണ്. എന്നാൽ നവോത്ഥാനകേരളത്തിനു നൂറു വർഷംകൊണ്ടു സംഭവിച്ച ആന്തരികപരിണാമത്തെ സമഗ്രതയിൽ ആദ്യമായവതരിപ്പിച്ചത് സുഭാഷ്

ചന്ദ്രനാണ്. ജാതിചിന്ത അനുദിനം അതിശക്തമായി കടന്നുവരുന്ന കേരളീയപരിസരത്തിൽ ജിതേന്ദ്രൻ ആൻമേരിക്കയച്ചകത്തിൽ എഴുതുന്നത് എത്ര വലിയ യാഥാർത്ഥ്യങ്ങളാണ്. പുരോഗമനവാദികൾ എന്ന് നടിക്കുന്നവർ പോലും ഒരപരിചിതനെ കിട്ടിയാൽ ആദ്യത്തെ അഞ്ചു വാക്യത്തിനുള്ളിൽ ജാതി വെളിപ്പെടുത്തുന്ന രീതിയിലേക്ക് നമ്മുടെ സമൂഹം മാറിയിരിക്കുന്നു. 'വ്യക്തിപരമായി ഒരു മേന്മ-യും ഒരാൾക്ക് അവകാശപ്പെടാനില്ലാതെ വരുമ്പോൾഅയാൾ തന്റെ ജാതിമിടുക്കുമായി രംഗത്തു ചാടുന്നു. ഒന്നുമില്ലെങ്കിലെന്താ ഞാനൊരു സവർണ്ണനല്ലേയെന്ന് ആ പാവത്തിനു വിളിച്ചു പറയേണ്ടിവരുന്നു. നമ്മുടെ നാട് അത്തരം ശപ്പൻമാരേക്കൊണ്ട് നിറയാൻ പോവുകയാണ്.'' 7. പേജ് 34. നവോത്ഥാനമൂല്യങ്ങൾ തിരിച്ചെടുക്കാനാവാത്ത വിധം സങ്കീർണ്ണമായി ക്കൊണ്ടിരിക്കുന്ന സമകാലികാവസ്ഥയിൽ എഴുത്തുകാരന്റെ സാമൂഹ്യനിരീക്ഷണം ഏറെ പ്രസക്തമായിത്തീരുകയാണ്. യാഥാസ്ഥിതിക ജാതിബോധംകൊണ്ട് അന്ധനാണ് ഈ നോവലിലെ കേന്ദ്രകഥാ പാത്രമായ നാറാപിള്ള. നാരായണപിള്ള എന്ന സ്വന്തം പേരു പോലും അയാൾക്ക് ശ്രീനാരായണഗുരുവിന്റെ പേരായതിനാൽ അവമതിയുളവാക്കുന്നു; അതേസമയം തന്റെ ഭർത്താവിന്റെ പേര് ഗുരുവിന്റെ പേരായതിനാൽ അയാളുടെ ഭാര്യ കുഞ്ഞുവമ്മ അഭിമാനിക്കുകയും ചെയ്യുന്നു. മനുഷ്യൻ ഏകജാതിയാണ് എന്നുദ്ഘോഷിച്ച നാരായണ ഗുരുവിന്റെ അദ്വൈതദർശനത്തിന്റെ സ്വാധീനം നോവലിൽ ശക്തമാണ്. ജാതിവാദിയായ നാറാപിള്ളയുടെ കൊച്ചുമകൻ ജാതിവിരുദ്ധമായി ചിന്തിക്കുക മാത്രമല്ല,ക്രിസ്തുമതാംഗമായ ആൻമേരിയെ വിവാഹം കഴിക്കുകയും ചെയ്യുന്നു.

മനുഷ്യന് ഉത്തരം കണ്ടെത്താനാവാത്ത മരണം എന്ന പ്രതിഭാസത്തെ അഭിമുഖീകരിക്കുമ്പോഴാണ് ജീവിതം ദാർശനികമായി ത്തീരുന്നത്. മരണത്തെക്കുറിച്ച് നിരവധി ചിന്തകൾ നോവലിസ്റ്റ് അവതരിപ്പിക്കുന്നുണ്ട്. വളരെ തൻമയത്വമുള്ള നിരീക്ഷണങ്ങൾ ജിതേന്ദ്രൻ ആൻമേരിക്കായി പകർത്തുന്നതു നോക്കുക.' ലോകത്ത് ഏറ്റവും കൂടുതൽ വിറ്റുപോകുന്ന കളിപ്പാട്ടം തീർച്ചയായും ബലൂൺ തന്നെയായിരിക്കണം. ബലൂണിൽ ഒരു കുട്ടി മനുഷ്യജീവീതത്തെ തൊടാൻ തുടങ്ങുന്നു.ഒന്നുമില്ലായ്മയുടെ ഒരു മുഴച്ചുകാട്ടൽ മാത്രമാണ് ഓരോ ബലൂണും, അല്ലേ? ഉദകപ്പോള എന്ന് എഴുത്തച്ഛൻ എഴുതിയതിന്റെ ഒരു റബ്ബർ പതിപ്പ്. എളുപ്പത്തിൽ പൊട്ടിപ്പോകുന്ന പ്രകൃതമാണ് ബലൂണുകളെ പന്തുകളേക്കാൾ ബാലിശ മാക്കിയതെങ്കിൽ അതേ കാരണം തന്നെ അവക്ക് ഒരു ദാർശനികമാനവും നല്കുന്നു.'' 8. (പേജ് 321). കൈയിൽ തട്ടിക്കളിച്ചുകൊണ്ടിരുന്ന ബലൂൺ ഒറ്റനിമിഷം കൊണ്ട് അപ്രത്യക്ഷമാകുന്നത് നമ്മെ മരണത്തെ ഓർമ്മിപ്പിക്കുന്നു. ഒരു വിസ്മയത്തിലൊതുങ്ങുന്നതേയുള്ളു ജീവിതമെന്ന പാഠമാണ് നോവലിസ്റ്റ് ഓർമ്മിപ്പിക്കുന്നത്. അതുപോലെ മരണത്തേക്കുറിച്ച് വായനക്കാരെ ഇരുത്തിച്ചിന്തിപ്പിക്കുന്ന വളരെ വ്യത്യസ്തമായ നിരീക്ഷണങ്ങളും നോവലിസ്റ്റ് അവതരിപ്പിച്ചിട്ടുണ്ട്.

ഓരോ മനുഷ്യനും അയാളുടെ ജീവിതത്തിന് തീർത്തും അനുരൂപമായ മരണമാണ് സംഭവിക്കുന്നത്. എത്രമേൽ വിചിത്രമായ മരണത്തിന്റേയും നീതികരണങ്ങൾ പരേതന്റെ ജീവിതത്തിലുണ്ടാകുമെന്ന് ജിതേന്ദ്രൻ ആൻമേരിയോടു പറയുന്നു. കാര്യകാരണങ്ങൾകൊണ്ട് തിരഞ്ഞാൽ ലഭിക്കാത്ത ജീവിതസത്യങ്ങൾ കണ്ടെത്താൻ വലിയ കലാകാരൻമാർക്കു കഴിയുന്നു എന്നതിനു തെളിവാണ് ഇത്തരം ജീവിതനിരീക്ഷണങ്ങൾ.

മനഷ്യന് ഒരുആമുഖം പലതലത്തിൽ വായിക്കാവുന്ന കൃതിയാണെങ്കിലും അവയിലെ ദാർശനിക കാഴ്ചപ്പാടുകൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നുണ്ട്. നവോത്ഥാന മാനവികതയിലൂന്നിയ ലോകവീക്ഷണമാണ് നോവലിസ്റ്റ് പുലർത്തുന്നതെങ്കിലും ജീവിതത്തോടുള്ള തത്ത്വചിന്താപരമായ സമീപനം അവയിൽ പ്രകടമാണ്. വളരെ സ്വതന്ത്രവും മൗലികവുമായ ജീവിതനിരീക്ഷണങ്ങൾ സമൃദ്ധമായി നോവലിൽ കാണാൻ സാധിക്കും. മനുഷ്യന് ഒരു ആമുഖം എന്ന നോവലിനെ അസാധാരണമായ ഒരു വായനാനുഭവമാക്കുന്നതിൽ ഇതിലെ ദാർശനികവിചാരങ്ങൾ വലിയ പങ്കു വഹിക്കുന്നു.

1. ലീല - കുമാരനാശാൻ - 3-ാം സർഗ്ഗം ശ്ലോകം 40 ആശാന്റെ പദ്യകൃതികൾ പേജ്- 124
2. മനുഷ്യന് ഒരു ആമുഖം - സുഭാഷ് ചന്ദ്രൻ പേജ് - 17 ഡി.സി ബുക്ക്സ്, കോട്ടയം 16-ാം പതിപ്പ് 2016
3. മനുഷ്യന് ഒരു ആമുഖം - സുഭാഷ് ചന്ദ്രൻ പേജ് - 23 ഡി.സി ബുക്ക്സ്, കോട്ടയം 16-ാം പതിപ്പ് 2016
4. മനുഷ്യന് ഒരു ആമുഖം - സുഭാഷ് ചന്ദ്രൻ പേജ് - 341 ഡി.സി ബുക്ക്സ്, കോട്ടയം 16-ാം പതിപ്പ് 2016
5. മനുഷ്യന് ഒരു ആമുഖം - സുഭാഷ് ചന്ദ്രൻ പേജ് - 314 ഡി.സി ബുക്ക്സ്, കോട്ടയം 16-ാം പതിപ്പ് 2016
6. മനുഷ്യന് ഒരു ആമുഖം - സുഭാഷ് ചന്ദ്രൻ പേജ് - 357 ഡി.സി ബുക്ക്സ്, കോട്ടയം 16-ാം പതിപ്പ് 2016
7. മനുഷ്യന് ഒരു ആമുഖം - സുഭാഷ് ചന്ദ്രൻ പേജ് - 34 ഡി.സി ബുക്ക്സ്, കോട്ടയം 16-ാം പതിപ്പ് 2016
8. മനുഷ്യന് ഒരു ആമുഖം - സുഭാഷ് ചന്ദ്രൻ പേജ് - 321 ഡി.സി ബുക്ക്സ്, കോട്ടയം 16-ാം പതിപ്പ് 2016

### സഹായകഗ്രന്ഥങ്ങൾ

1. കഠോപനിഷത്ത് വ്യാഖ്യാനം- മൃഡാനന്ദസ്വാമി ശ്രീരാമകൃഷ്ണമഠം പുറനാട്ടുകര- തൃശ്ശൂർ - 1972
2. മലയാളനോവൽ സാഹിത്യചരിത്രം - പ്രൊഫസർ കെ.എം. തരകൻ കേരള സാഹിത്യ അക്കാഡമി - തൃശ്ശൂർ - 1990

3. മലയാള നോവൽ രണ്ടായിരത്തിനുശേഷം - എഡിറ്റർ - ഡോ. കെ.കെ ശിവദാസ് പാപ്പിറസ് ബുക്ക്സ് - 2014
4. മലയാള നോവലിന്റെ ദേശകാലങ്ങൾ - ഇ.വി രാമകൃഷ്ണൻ - മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്- 2017
5. ശ്രീനാരായണ ഗുരു സമ്പൂർണ്ണ കൃതികൾ - സാരാംശവും അവതാരികയും മുനിനാരായണ പ്രസാദ് - നാഷണൽ ബുക്ക് ട്രസ്റ്റ് ഇന്ത്യ- 2005
6. ഫിക്ഷന്റെ അവതാര ലീലകൾ - കെ.പി അപ്പൻ - ഡി.സി ബുക്ക്സ്- 2021